**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1770** **02-02-2024 - ൽ മറുപടിയ്ക്ക്**

**നാല്വ വർഷ ബിരുദ പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർവകലാശാലകളിലും കോളേജുകളിലും നാല്വ വർഷ ബിരുദ പ്രോഗ്രാം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിന്റെ ഭാഗമായി നിലവിലെ ബിരുദ പഠന മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നല്കാമോ; | (എ) | ഉണ്ട്. 2024-25 അക്കാദമിക വർഷത്തോടെ സംസ്ഥാനത്ത് നാല്വ വർഷ ബിരുദ പ്രോഗ്രാമുകൾ പൂർണ്ണമായും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>ഇതിന്റെ ഭാഗമായി രൂപീകരിച്ച 'സംസ്ഥാന ഉന്നതവിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി' നാല്വ വർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം ചട്ടക്കൂട് തയ്യാറാക്കിയിട്ടുണ്ട്.<br><br>നാല്വവർഷ ബിരുദ പ്രോഗ്രാമുകൾക്ക് ഫൗണ്ടേഷൻ കോഴ്സുകൾ, പാത് വേ കോഴ്സുകൾ (മേജർ/മൈനർ), റിസർച്ച് പാത് വേ മുതലായവ ഉൾപ്പെടുത്തിയുള്ള ഓണേഴ്സ് പ്രോഗ്രാം രൂപകൽപന ചെയ്തിട്ടുണ്ട്. ഇത് വിദ്യാർത്ഥി കേന്ദ്രീകൃതവും വിവിധ കോഴ്സുകൾ തിരഞ്ഞെടുക്കാൻ വിദ്യാർത്ഥികൾക്ക് സ്വാതന്ത്ര്യം നൽകുന്നതുമാണ്. പുതിയ കരിക്കുലം വിദ്യാർത്ഥികളുടെ അക്കാദമിക് മൊബിലിറ്റി ഉറപ്പാക്കുന്നു. ഈ കരിക്കുലം ചട്ടക്കൂടിൽ ഒന്നും രണ്ടും വർഷങ്ങളിൽ വിദ്യാർത്ഥികളുടെ എക്സിറ്റ് അനുവദിക്കുന്നില്ല. മൂന്നാം വർഷം നിശ്ചിത ക്രെഡിറ്റുകൾക്ക് (133) ബിരുദവും നാല്വവർഷം പൂർത്തിയാക്കി 177 ക്രെഡിറ്റുകൾ സമ്പാദിച്ചാൽ ഓണേഴ്സ് ബിരുദവും ലഭിക്കും.<br><br>വിദ്യാർത്ഥികൾക്ക് ഗവേഷണ മേഖലയിൽ ആഭിമുഖ്യം വളർത്തുന്നതിന് 4-ാം വർഷം ഗവേഷണത്തിന് മാത്രമുള്ള Honours with Research എന്ന ഒരു പാത് വേ നിലവിലുണ്ട്. 4 വർഷ ബിരുദ പ്രോഗ്രാം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് യു.ജി.സി. പി.എച്ച്.ഡി. റഗുലേഷൻ പ്രകാരം പി.എച്ച്.ഡി.ക്ക് നേരിട്ട് പ്രവേശനം നേടാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | 4-ാം വർഷം (7, 8 സെമസ്റ്ററുകളിൽ) പ്രോജക്ടുകൾ, ഇൻറേൺഷിപ്പ്/സ്കിൽ കോഴ്സുകൾ/ഓൺലൈൻ കോഴ്സുകൾ എന്നിവയുടെ സാധ്യതകളും പുതിയ കരിക്കുലം മുന്നോട്ടുവയ്ക്കുന്നു. ബിരുദ തലത്തിൽ ഗവേഷണത്തിനും, തൊഴിൽ നൈപുണ്യ വികസനത്തിനും പ്രാധാന്യം നൽകികൊണ്ടുള്ള കരിക്കുലമാണ് രൂപകൽപന ചെയ്തിട്ടുള്ളത്.<br><br>നാലുവർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കാൻ ആവശ്യമായിട്ടുള്ള മാതൃക റെഗുലേഷൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കി സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ട്.<br><br>ഇതിന്റെ അടിസ്ഥാനത്തിൽ നാലു വർഷ ബിരുദ പ്രോഗ്രാമുകൾക്കുള്ള റെഗുലേഷൻ സർവകലാശാലാ തലത്തിൽ രൂപീകരിച്ചുവരുന്നു. |
| (ബി) | നാലു വർഷ ബിരുദ കോഴ്സുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നിലൂടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിദ്യാർത്ഥികളെ ഗവേഷണ രംഗത്തേക്ക് ആകർഷിക്കുക, അവർക്ക് തൊഴിൽ നൈപുണ്യം നൽകുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഇത് എത്രത്തോളം സഹായകമാണ്; വിശദാംശങ്ങൾ നല്കുമോ? | (ബി) | നാലു വർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗം കൂടുതൽ ഗവേഷണോന്മുഖമാക്കാനും വിദ്യാർത്ഥികളിൽ തൊഴിൽ നൈപുണി വികസിപ്പിക്കാനും സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ